# സ്നേഹത്തോടെ മലർവാടിക്ക്...



**മികച്ച കത്ത്**

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **ഹയ റുന്നിസ ഫിറോസ്** ആണ്. കത്തെ ഴുതിയ നകൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

എനിക്ക് നിന്നെ വളരെയധികം ഇഷ്ടമാണ്. എന്റെ ഏറ്റവും മികച്ച ചങ്ങാതിയായി നീ മാറിയിരിക്കുന്നു. ചിരിവൈദ്യൻ, പട്ടാളം പൈലി, പൂച്ചപ്പോലീസ്, കുഞ്ഞുമോൻ എല്ലാം രസമാണ്. ഫേസ്ബുക്ക് കിട്ടുവിന്റെ കഥകളൊക്കെ ഇഷ്ടമാണ്.

**നാസിയ പർവീൻ**
ക്ലാസ് 7
തൃച്ചംബരം യു.പി സ്കൂൾ തളിപ്പറമ്പ്

പ്രിയമലർവാടീ,
ചാച്ചാജിയെ കുറിച്ച് വന്ന മലർവാടി രസമായിരുന്നു. ഹംസ കടന്നമണ്ണയുടെ ബിലാലിന്റെ ബാങ്കൊലി എന്ന കഥ പല തവണ വായിച്ചു. മലർവാടിയിൽ വരുന്ന ക്വിസ് ഞാൻ പ്രത്യേകം നോട്ട് ചെയ്യാറുണ്ട്. സ്കൂളിലെ മൽസരങ്ങൾക്ക് അത് പ്രയോജനപ്പെടുന്നുണ്ട്.

**സൽവ. പി**
ക്ലാസ് 8
ജി.എച്ച്.എസ്.എസ്, മങ്കട

സ്നേഹപൂർവ്വം മലർവാടിക്ക്,
ഞാനും ഇത്താത്തയും മലർവാടിക്കായി കാത്തിരിക്കും. മലർവാടി വന്നാൽ മിക്കവാറും ഞാനായിരിക്കും ആദ്യം വായിക്കുക. ചിലപ്പോൾ ഇത്താത്തക്ക് കിട്ടും. പട്ടാളം പൈലിയാണ് ആദ്യം വായിക്കുക. പിന്നെ ഫേസ്ബുക്ക് കിട്ടു. പിന്നെ തുടക്കം മുതൽ അവസാനം വരെ അങ്ങനെ വായിക്കും. മങ്ക്സ്&ഡോങ്ക്സ് ഇപ്പോൾ കാണാറില്ലല്ലോ. മലർവാടിയിലെ കത്തുകൾ വായിക്കുന്നത് നല്ല രസമാണ്. കൊച്ചു കഥകളും കവിതകളും എല്ലാം ചേർന്ന മലർവാടിക്കായി ഇനിയും കാത്തിരിക്കുന്നു.



**നൗറിൻ ജിനാൻ**
ക്ലാസ് 6
ജി.എച്ച്.എസ്.എസ് കരുവാരക്കുണ്ട്

പ്രിയമലർവാടീ,
തമാശയോടൊപ്പം കാര്യവും പറഞ്ഞു തരുന്നു എന്നതാണ് മലർവാടിയുടെ പ്രത്യേകത. മലർവാടി പറഞ്ഞുതരുന്ന പലതും കൂടുതൽ ചിന്തിപ്പിക്കുന്നുണ്ട്. മലർവാടിക്ക് എല്ലാവിധ ആശംസകളും.

**അംറ അന്നൂസ് എ.എസ്**
ക്ലാസ് 7
കെ.ജി.എം.എസ്.യു.പി സ്കൂൾ കൊഴുക്കല്ലൂർ

സ്നേഹപൂർവം മലർവാടിക്ക്,
ഞാൻ മലർവാടി സ്ഥിരം വായിക്കാറുണ്ട്. എന്റെ വല്യുപ്പയാണ് എനിക്ക് മലർവാടി വാങ്ങിച്ചു കൊണ്ടുവരുന്നത്. ഞാനാദ്യം വായിക്കുന്നത് കുഞ്ഞുമോൻ ആണ്. എന്റെ അനിയനും മലർവാടി ഇഷ്ടമാണ്. ഫേസ്ബുക്ക് കിട്ടു, ജംഗിൾ ന്യൂസ് എല്ലാം എനിക്കിഷ്ടമാണ്. പ്രശ്നോത്തരി, പദപ്രശ്നം എന്നിവയും ഉപകാരപ്രദമാണ്.

**ഹയറുന്നിസ ഫിറോസ്**
ക്ലാസ് 7
സെന്റ് അലോഷ്യസ് കോൺവെന്റ് ഐ.എസ്. സി സ്കൂൾ, പള്ളുരുത്തി

**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**

▸▸ ഇന്ത്യയിൽ മരുഭൂമിയിലൂടെ ഒഴുകുന്ന നദി– ലൂണി(സാൾട്ട് റിവർ)